# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 660 — 31.10.2011-ൽ മറുപടിയ്ക്ക്

## ജൈവ വൈവിദ്ധ്യ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ :<br>,, കെ.മുരളീധരൻ :<br>,, വി.ഡി.സതീശൻ:<br>,, സി.പി.മുഹമ്മദ് : | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പു മന്ത്രി) |

എ) വനങ്ങളിലെ ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എ) ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികളാണ് വർക്കിംഗ് പ്ലാനുകളിലും മാനേജ്മെന്റ് പ്ലാനുകളിലും ഉൾക്കൊള്ളിച്ച് അംഗീകരിച്ച് നടപ്പാക്കുന്നത്. വന നിയമങ്ങൾ നടപ്പാക്കി വന സംരക്ഷണവും ജൈവവൈവിദ്ധ്യ സംരക്ഷണവും നിർവ്വഹിക്കുന്നുണ്ട്. വനങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണം മുൻനിർത്തി ജൈവവൈവിദ്ധ്യ പ്രാധാന്യമേറിയ പ്രദേശങ്ങളിൽ സംരക്ഷിത പ്രദേശങ്ങൾ സൃഷ്ടിച്ച് പ്രത്യേക സംരക്ഷണം ഉറപ്പ് വരുത്തുന്നുണ്ട്. അതിനായി സംസ്ഥാനത്ത് 15 സംരക്ഷണ കേന്ദ്രങ്ങളും 2 കടുവാ സംരക്ഷണ കേന്ദ്രങ്ങളും 5 ദേശീയോദ്യാനങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവ്വും സ്ഥാപിച്ചിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങളിൽ ജനങ്ങളുടെ വനാശ്രിതത്വം പരമാവധി കുറച്ചുകൊണ്ട് ജനങ്ങളുടെ പങ്കാളിത്തത്തോടെ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കുറ്റകൃത്യങ്ങൾക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്യുന്നുണ്ട്. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെൽ സംവിധാനം നിലവിലുണ്ട്. അഗ്നി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനു പുറമെ സംരക്ഷിത മേഖലകൾക്ക് പുറത്തുള്ള വനപ്രദേശങ്ങളിൽ അതീവ ജൈവപ്രാധാന്യമേറിയ പ്രദേശങ്ങളിലെ ജൈവ വൈവിദ്ധ്യ സംരക്ഷണം നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തുനു വേണ്ടി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | (ബി) | വന സംരക്ഷണ പരിപാടികളിൽ എല്ലാംതന്നെ അപൂർവ്വവും വംശനാശഭീഷണി നേരിടുന്നവയുമായ ജനുസ്സുകളുടെ സംരക്ഷണത്തിന് ഊന്നൽ നൽകി വരുന്നുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ-സസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും ദേശീയോദ്യാനങ്ങളും കമ്മ്യൂണിറ്റി റിസർവും ഉൾപ്പെടെ സംരക്ഷിത മേഖലകൾ സൃഷ്ടിച്ച് ഇവയുടെ സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വംശനാശ ഭീഷണി നേരിടുന്ന കടുവകളുടെ സംരക്ഷണം മുൻനിർത്തി കടുവാ സങ്കേതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ആനകളുടെ സംരക്ഷണത്തിനായി വനമേഖലയിൽ 4 എലിഫെന്റ് റിസർവുകൾ രൂപീകരിച്ച് സംരക്ഷണ പ്രവർത്തനം നടത്തിവരുന്നു. പക്ഷികളുടെ സംരക്ഷണത്തിനായി 3 പക്ഷി സങ്കേതങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വനമേഖലകൾക്കുള്ളിൽ വന്യമൃഗങ്ങൾക്ക് ജലലഭ്യതയും ആഹാര ലഭ്യതയും ഉറപ്പ് വരുത്തുന്നതിന് കുളങ്ങൾ, ചതുപ്പു പ്രദേശങ്ങൾ, ഉറവകൾ എന്നിവ സംരക്ഷിക്കുകയും പുൽമേടുകളും വന സസ്യങ്ങളും പരിപാലിക്കുകയും മുളകൾ പോലെയുള്ള തീറ്റപ്പുല്ലുകൾ ആവശ്യമായ സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുകയും ചെയ്യുന്നുണ്ട്. മൃഗവേട്ടയ്ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. കുറ്റകൃത്യങ്ങൾ ഒഴിവാക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി എടുക്കുന്നതിനും ഉതകുന്ന വിവരങ്ങൾ നൽകുന്നവർക്ക് പ്രതിഫലം നൽകാനും വ്യവസ്ഥയുണ്ട്. |
| (സി) | വന്യജീവി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ/ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | സി) | പ്രകൃതി പഠനം, പ്രകൃതി സംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയിൽ താത്പര്യവും അവബോധവും സൃഷ്ടിക്കുന്നതിനായി വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിലും വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. വിവിധ വിഷയങ്ങളിൽ പ്രാഗത്ഭ്യം നേടിയവരെക്കൊണ്ട് ക്ലാസുകളെടുപ്പിക്കുകയും വനയാത്രകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ